REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 02-08-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- വയനാട്ടിൽ ഉരുൾപൊട്ടൽ വൻ ദുരന്തം വിതച്ച മേഖലയിൽ ഇന്നു മുതൽ 40 ടീമുകൾ ആറ് സോണുകളായി തിരിഞ്ഞ് തെരച്ചിൽ നടത്തും.
- വടക്കൻ കേരളത്തിൻ ഇന്നും ശക്തമായ മഴ തുടരും. വയനാട് ഉൾപ്പെടെ അഞ്ച് വടക്കൻ ജില്ലകളിൽ മഞ്ഞ ജാഗ്രത. ഏഴ് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി.
- രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അധ്യക്ഷതയിൽ സംസ്ഥാന ഗവർണർമാരുടെ രണ്ട് ദിവസത്തെ സമ്മേളനം ഇന്ന് ആരംഭിക്കും.
- പാരീസ് ഒളിംപിക്സിൽ പുരുഷ ഹോക്കിയിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും.
- ഇന്ത്യ-ശ്രീലങ്ക ആദ്യ ഏകദിനം ഉച്ചകഴിഞ്ഞ് കൊളംബൊയിൽ.

## വാർത്തകൾ വിശദമായി

**വയനാട്ടിൽ ഉരുൾപൊട്ടൽ വൻ ദുരന്തം വിതച്ച മുണ്ടക്കൈ, ചൂരൽമല മേഖലയിൽ ഇന്നു മുതൽ 40 ടീമുകൾ ആറ് സോണുകളായി തിരിഞ്ഞ് തെരച്ചിൽ പ്രവർത്തനങ്ങൾ നടത്തുമെന്ന് മന്ത്രി കെ രാജൻ അറിയിച്ചു.**

**അട്ടമലയും ആറൻമലയും ചേർന്നതാണ് ആദ്യത്തെ സോൺ. മുണ്ടക്കൈ രണ്ടാമത്തെ സോണും, പുഞ്ചിരിമട്ടം മൂന്നാമത്തേതും വെള്ളാർമല വില്ലേജ് റോഡ് നാലാമത്തേതും GVHSS വെള്ളാർമല**

**അഞ്ചാമത്തെ സോണും പുഴയുടെ അടിവാരം ആറാമത്തെ സോണുമാണെന്ന് മന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്).....**

**സൈന്യം, NDRF, DSG, കോസ്റ്റ് ഗാർഡ്, നേവി, MEG ഉൾപ്പെടെ സംയുക്ത സംഘമാണ് തെരച്ചിൽ നടത്തുകയെന്നും മന്ത്രി രാജൻ അറിയിച്ചു. ഓരോ ടീമിലും മൂന്നു നാട്ടുകാരും ഒരു വനംവകുപ്പ് ജീവനക്കാരനും ഉണ്ടാവും. ഇന്ന് മുതൽ ചാലിയാർ കേന്ദ്രീകരിച്ച് ഒരേസമയം മൂന്ന് രീതിയിൽ തെരച്ചിലും തുടങ്ങും. 40 കിലോമീറ്ററിൽ ചാലിയാറിന്റെ പരിധിയിൽ വരുന്ന എട്ട് പോലീസ് സ്റ്റേഷന്റെ പുഴ ഭാഗങ്ങളിൽ പൊലീസും നീന്തൽ വിദഗ്ധരായ നാട്ടുകാരും ചേർന്ന് തെരയും. പോലീസ് ഹെലികോപ്റ്റർ ഉപയോഗിച്ച് സമാന്തരമായി മറ്റൊരു തെരച്ചിൽ നടത്തും. ഇതോടൊപ്പം കോസ്റ്റ്ഗാർഡും നേവിയും വനം വകുപ്പും ചേർന്ന് പുഴയുടെ അരികുകളും മൃതദേഹങ്ങൾ തങ്ങാൻ സാധ്യതയുള്ള ഇടങ്ങളും കേന്ദ്രീകരിച്ച് തെരച്ചിൽ നടത്തും.**

**25 ആംബുലൻസ് ആണ് ബെയ്‌ലി പാലം കടന്നു മുണ്ടക്കൈയിലേക്ക് ഒരു ദിവസം കടത്തിവിടുക. 25 ആംബുലൻസുകൾ മേപ്പാടി പോളിടെക്നിക് ക്യാംപസിൽ പാർക്ക് ചെയ്യും. മണ്ണിൽ പുതഞ്ഞ മൃതദേഹങ്ങൾ കണ്ടെത്താനായി ഡൽഹിയിൽ നിന്നും ഡ്രോൺ ബേസ്ഡ് റഡാർ നാളെ എത്തുമെന്നും മന്ത്രി അറിയിച്ചു. നിലവിൽ 6 നായകളാണ് തെരച്ചിലിൽ സഹായിക്കുന്നത്. തമിഴ്നാട്ടിൽ നിന്നും നാലു കഡാവർ നായകൾ കൂടി വയനാട്ടിലെത്തുമെന്നും മന്ത്രി പറഞ്ഞു. 1,200 പേർ ഇന്നലെ തെരച്ചിലിൽ പങ്കെടുത്തതായി സേനാ ഉദ്യോഗസ്ഥർ അറിയിച്ചു.**

✪✪✪

**ഉണ്ടായ ഉരുൾപൊട്ടലിൽ ഇത് വരെ 189 മരണങ്ങളാണ് ഔദ്യോഗികമായി സ്ഥിരീകരിച്ചത്. 85 പുരുഷൻമാരും 76 സ്ത്രീകളും 27 കുട്ടികളുമാണ് മരിച്ചത്. ഒരു മൃതദേഹത്തിന്റെ ആൺ-പെൺ വ്യത്യാസം തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. 107 പേരെ ബന്ധുക്കൾ തിരിച്ചറിഞ്ഞു.**

**ശരീര ഭാഗങ്ങൾ ഉൾപ്പെടെ 279 മൃതദേഹങ്ങൾ പോസ്റ്റുമോർട്ടം ചെയ്തു. 100 ശരീര ഭാഗങ്ങളാണ് കണ്ടെത്തിയത്.**

ദുരന്ത പ്രദേശത്തുനിന്ന് ആശുപത്രികളിൽ എത്തിച്ച 225 പേരിൽ വയനാട്ടിൽ 91 ഉം മലപ്പുറത്ത് അഞ്ചും ഉൾപ്പെടെ 96 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിൽ തുടരുന്നു.

129 പേരെ ചികിത്സക്ക് ശേഷം ക്യാമ്പുകളിക്ക് മാറ്റി .

✪✪✪

മലപ്പുറം ജില്ലയിൽ ചാലിയാർ പുഴയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ഇന്നലെ വരെ 59 മൃതദേഹങ്ങളും 113 ശരീര ഭാഗങ്ങളും ലഭിച്ചു. 32 പുരുഷന്മാരുടെയും 24 സ്ത്രീകളുടെയും രണ്ട് ആൺകുട്ടികളുടെയും ഒരു പെൺകുട്ടിയുടെയും മൃതദേഹങ്ങളാണ് ലഭിച്ചത്. പോലീസ്, ഫയർഫോഴ്സ്, NDRF, നാട്ടുകാർ, നൂറുകണക്കിന് വളണ്ടിയർമാർ തുടങ്ങിയവർ ചേർന്ന് മൂന്ന് ദിവസമായി നടത്തിയ തിരച്ചിലിലാണ് മൃതദേഹങ്ങൾ ലഭിച്ചത്.

ഇതുവരെ 153 മൃതദേഹങ്ങളുടെയും അവശിഷ്ടങ്ങളുടെയും പോസ്റ്റ് മോർട്ടം പൂർത്തിയായി. 143 എണ്ണം വയനാട്ടിലേക്ക് കൊണ്ട് പോകുകയും മൂന്നെണ്ണം ബന്ധുക്കൾ ഏറ്റെടുക്കുകയും ചെയ്തു.

ബുധനാഴ്ച വാഴക്കാട് നിന്ന് ഒരു മൃതദേഹം ലഭിച്ച സാഹചര്യത്തിൽ ചാലിയാർ പുഴയുടെ എടവണ്ണ കടവുകളിലും ഇന്നലെ തിരച്ചിൽ നടത്തി.

✪✪✪

ദുരന്ത മേഖലയായി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ വയനാട്ടിലെ മേപ്പാടി പഞ്ചായത്ത് സന്ദർശിക്കരുതെന്നും അഭിപ്രായം പറയരുതെന്നും ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളോടും ശാസ്ത്രജ്ഞരോടും സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെൻറ് അതോറിറ്റി ആവശ്യപ്പെടണമെന്ന് നിർദ്ദേശം നൽകിയെന്ന വാർത്ത തെറ്റിദ്ധാരണ സൃഷ്ടിക്കുന്നതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. അത്തരം ഒരു നയം സംസ്ഥാന ഗവൺമെന്റിനില്ലെന്ന് അദ്ദേഹം വാർത്താകുറിപ്പിൽ വ്യക്തമാക്കി.

✪✪✪

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യണമെന്ന അഭ്യർത്ഥനയ്ക്കെതിരെ പ്രചാരണം നടത്തിയതിന് സംസ്ഥാന

വ്യാപകമായി പൊലീസ് 14 FIR രജിസ്റ്റർ ചെയ്തു. സാമൂഹ്യ മാധ്യമങ്ങളിൽ ഇത്തരത്തിൽ കണ്ടെത്തിയ 194 പോസ്റ്റുകൾ നീക്കം ചെയ്യുന്നതിന് സാമൂഹ്യമാധ്യമങ്ങൾക്ക് നിയമപ്രകാരം നോട്ടീസ് നൽകി .

തിരുവനന്തപുരം സിറ്റിയിൽ നാലും എറണാകുളം സിറ്റിയിലും പാലക്കാടും രണ്ടു വീതവും കൊല്ലം സിറ്റി, എറണാകുളം റൂറൽ, തൃശൂർ സിറ്റി, മലപ്പുറം, വയനാട്, തിരുവനന്തപുരം റൂറൽ എന്നിവിടങ്ങളിൽ ഒന്നു വീതവും കേസുകളാണ് രജിസ്റ്റർ ചെയ്തത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിക്കെതിരായ വ്യാജപ്രചാരണങ്ങൾ നിരീക്ഷിക്കുന്നതിന് സാമൂഹ്യ മാധ്യമങ്ങളിൽ സൈബർ പോലീസിന്റെ പട്രോളിംഗ് ശക്തമാക്കി. ഇത്തരത്തിൽ പോസ്റ്റുകൾ നിർമിക്കുകയും ഷെയർ ചെയ്യുകയും ചെയ്യുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്നും പൊലീസ് അറിയിച്ചു .

✪✪✪

വടക്കൻ കേരളത്തിൽ ഇന്നും ശക്തമായ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കനത്ത മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് വയനാട്, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

✪✪✪

കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ 7 ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് ജില്ലാകളക്ടർമാർ അവധി പ്രഖ്യാപിച്ചു. കോഴിക്കോട്, വയനാട്, കാസർകോട്, കണ്ണൂർ, മലപ്പുറം, തൃശൂർ ജില്ലകളിൽ പ്രൊഫഷണൽ കോളേജുകളും, മദ്രസ്സകളും, ട്യൂഷൻ സെന്ററുകളും ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് അവധി നൽകിയത്.

പാലക്കാട് ജില്ലയിൽ അങ്കണവാടികൾ, കിന്റർഗാർട്ടൻ, മദ്രസ്സ, ട്യൂഷൻ സെന്റർ ഉൾപ്പെടെ പ്ലസ്ടു വരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് അവധി. എന്നാൽ ജില്ലയിൽ കോളേജുകൾക്കും പ്രഫഷണൽ കോളേജുകൾക്കും അവധി ബാധകമല്ല.

ഇടുക്കി, എറണാകുളം ജില്ലകളിൽ ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധിയായിരിക്കും.

✪✪✪

ശക്തമായ മഴയെ തുടർന്ന് കോഴിക്കോട് താമരശ്ശേരി താലൂക്കിൽ 5 വീടുകൾ ഭാഗികമായും ഒരു വീട് പൂർണ്ണമായും തകർന്നു.

കൊടുവള്ളി വലിയപറമ്പ് കിഴക്കോത്ത് വില്ലേജിലെ പൊന്നുംതോറ മലയിൽ മണ്ണിടിച്ചിൽ ഭീഷണി നിലനിൽക്കുന്നതിനാൽ മലയുടെ താഴ്ഭാഗത്ത് താമസിക്കുന്ന മുന്നൂറോളം കുടുംബങ്ങളെ ബന്ധുവീടുകളിലേക്കും മറ്റും മാറ്റിപ്പാർപ്പിച്ചു. കക്കാട് വില്ലേജ് കാരശ്ശേരി പഞ്ചായത്ത് പട്ടർ ചോല, വലിയ കുന്ന് പ്രദേശത്ത് മണ്ണിടിച്ചിൽ ഭീഷണിയെ തുടർന്ന് 16 കുടുംബങ്ങളെ ബന്ധു വീട്ടിലേക്കും, നാല് കുടുംബങ്ങളെ ആനയാകുന്ന് ഗവ. എൽപി സ്കൂളിലേക്കും മാറ്റിപ്പാർപ്പിച്ചു.

മഴക്കെടുതിയെ തുടർന്ന് കോഴിക്കോട് ജില്ലയിലെ നാല് താലൂക്കുകളിൽ ആരംഭിച്ച 80 ദുരിതാശ്വാസ ക്യാമ്പുകളിൽ 4,481 പേരാണ് തുടരുന്നത്. കുടുംബങ്ങൾ വീടുകളിലേക്ക് തിരികെ പോയതിനെ തുടർന്ന് പത്ത് ക്യാമ്പുകൾ ഒഴിവാക്കി.

✪✪✪

ഉരുൾ പൊട്ടലുണ്ടായ കോഴിക്കോട് വിലങ്ങാട് മേഖലയ്ക്ക് പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ഷാഫി പറമ്പിൽ M.P, മന്ത്രി K.രാജനെ നേരിൽ കണ്ട് ആവശ്യപ്പെട്ടു. വിഷയം ഗൗരവപൂർവം കാണുന്നുവെന്നും ഉടൻ സ്ഥലം സന്ദർശിക്കുമെന്നും മന്ത്രി അറിയിച്ചു. ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങൾ വാസയോഗ്യമാണോ എന്നു പരിശോധിക്കാനും കേടുപാടുകൾ സംഭവിക്കാത്തവയിൽ താമസം സുരക്ഷിതമാണോ എന്ന് ഉറപ്പു വരുത്താനും വിദഗ്ധ സംഘത്തെ അയക്കണമെന്ന് എംപി ആവശ്യപ്പെട്ടു.

✪✪✪

വിലങ്ങാട് പ്രദേശത്ത് അടിയന്തര ശ്രദ്ധ പതിയണമെന്ന് BJP കോഴിക്കോട് ജില്ലാപ്രസിഡന്റ് V.K.സജീവൻ ആവശ്യപ്പെട്ടു. ഉരുൾ പൊട്ടി ഭീകരമായ നാശമാണ് ഈ പ്രദേശത്ത് ഉണ്ടായിരിക്കുന്നത്. 13 വീടുകൾ നശിച്ചുവെന്നും, അതിൽ പത്ത് വീടുകളും ലൈബ്രറിയും ഒരു കടയും ഉണ്ടായിരുന്ന സ്ഥലത്ത് കുഴിയും ചെളിയും മാത്രമാണുള്ളതെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ഉരുൾപൊട്ടലിനെ തുടർന്ന് ഒറ്റപ്പെട്ടുപോയ നെല്ലിയാമ്പതിയിലെ ഗതാഗതം അടുത്ത ദിവസം തന്നെ ഒരു വശത്തേക്ക് തുറന്നു

കൊടുക്കാനാവുമെന്ന് മന്ത്രി M.B രാജേഷ് പറഞ്ഞു. ഇതിലൂടെ നെല്ലിയാമ്പതിയിൽ കുടുങ്ങിക്കിടക്കുന്നവരെ പുറത്തെത്തിക്കാനും നെല്ലിയാമ്പതിയുടെ ഒറ്റപ്പെടൽ അവസാനിപ്പിക്കാനാവുമെന്നും മന്ത്രി പറഞ്ഞു. നെല്ലിയാമ്പതിയിലെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ച് ഗതാഗതം പുനഃസ്ഥാപിക്കുന്ന ജോലികൾ വിലയിരുത്തിയ ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

നെല്ലിയാമ്പതിയിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. രണ്ട് മെഡിക്കൽ സംഘം 9 കിലോമീറ്റർ കാൽനടയായി സഞ്ചരിച്ച് നെല്ലിയാമ്പതിയിൽ എത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

✪✪✪

മലമ്പുഴ ഡാമിന്റെ ഷട്ടറുകൾ ഉടനടി തുറക്കും എന്ന തരത്തിൽ പ്രചരിക്കുന്ന സന്ദേശങ്ങൾ തെറ്റാണെന്നും കനത്ത മഴ കാരണം ജലനിരപ്പ് ഉയർന്നതിനെ തുടർന്നു ഒന്നാമത്തെ അലർട്ടാണ് നൽകിയതെന്നും പാലക്കാട് ജില്ലാ കളക്ടർ ഡോ.എസ്.ചിത്ര വ്യക്തമാക്കി. റൂൾ കർവ് അനുസരിച്ചു ജലനിരപ്പ് 112.99 മീറ്ററിൽ എത്തുന്ന സാഹചര്യത്തിലാണ് ഡാമിന്റെ സ്പിൽവേ ഷട്ടറുകൾ തുറക്കേണ്ടി വരിക.

മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും മറ്റും അറിയിപ്പു നൽകി മാത്രമേ ഡാം തുറക്കൂ എന്നും, ആശങ്കപ്പെടേണ്ടതില്ലെന്നും ജില്ലാ കളക്ടർ അറിയിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അധ്യക്ഷതയിൽ സംസ്ഥാന ഗവർണർമാരുടെ രണ്ട് ദിവസത്തെ സമ്മേളനം ഇന്ന് ആരംഭിക്കും.

രാഷ്ട്രപതി ഭവനിൽ ചേരുന്ന യോഗത്തിൽ ഗവർണർമാർക്കു പുറമെ ഉപ രാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രിമാർ എന്നിവർ പങ്കെടുക്കും. നിതി ആയോഗ് വൈസ് ചെയർമാൻ, CEO, പ്രധാനമന്ത്രിയുടെ ഓഫീസിലെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരും സംബന്ധിക്കും.

പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങൾ നടപ്പാക്കൽ, ഉന്നത വിദ്യാഭ്യാസമേഖലയുടെ പരിഷ്കരണം, സർവകലാശാലകളുടെ അക്രഡിറ്റേഷൻ, വിവിധ കേന്ദ്രഗവൺമെന്റ് പദ്ധതികളുടെ പ്രചാരണം തുടങ്ങിയവയാണ് സമ്മേളനത്തിന്റെ പ്രധാന അജണ്ടകൾ.

✪✪✪

**പാരീസ് ഒളിംപിക്സിൽ അത്-ലറ്റിക്സ്, അമ്പെയ്ത്ത് മത്സരങ്ങൾ ഇന്നും തുടരും. പുരുഷ ഹോക്കിയിൽ പൂൾ ബി യിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും.**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

**.....(വോയ്സ്)....**

**ഇന്നലെ ഇന്ത്യ മൂന്നാം വെങ്കലമെഡൽ സ്വന്തമാക്കി. ഷൂട്ടിങ്ങിൽ പുരുഷന്മാരുടെ 50 മീറ്റർ റൈഫിൾസ് 3 പൊസിഷൻസ് വിഭാഗത്തിൽ സ്വപ്നിൽ കുസാലെയാണ് വെങ്കലമെഡൽ നേടിയത്. ഈ ഇനത്തിൽ ഒളിംപിക്സ്മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ ഷൂട്ടറാണ് സ്വപ്നിൽ കുസാലെ .**

**ബാഡ്മിന്റൺ പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ലക്ഷ്യസെൻ, ചൈനീസ് താരം ചൗ-ടിയെൻ- ചെൻ നെ ഇന്ന് നേരിടും.**

**അമ്പെയ്ത്ത് സംയുക്തവിഭാഗം മത്സരത്തിൽ ധിരാജ് ബൊമ്മദേവ്റ - അങ്കിത ഭഗത് സഖ്യം ഇന്തോനേഷ്യൻ താരങ്ങളുമായി മത്സരിക്കും.**

**അത്-ലറ്റിക്സിൽ വനിതകളുടെ 5000 മീറ്റർ ഹീറ്റ്സിൽ അങ്കിത ധ്യാനി, പരുൾ ചൗധരി എന്നിവർ മത്സരിക്കും .**

**ഇന്ത്യൻ പുരുഷ ഡബിൾസ് ജോഡികളായ സാത്വിക്സായിരാജ് രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യത്തെ, ക്വാർട്ടർ ഫൈനലിൽ മലേഷ്യൻ ജോഡികളായ ആരോൺ ചിയ, സോ വോയി യിക്ക് സഖ്യം പരാജയപ്പെടുത്തി. വനിതാ സിംഗിൾസിൽ P.V സിന്ധു, ചൈനയുടെ ഹി ബിംഗ് ജിയാവോയോട് പരാജയപ്പെട്ടു.**

✪✪✪

**ഇന്ത്യ-ശ്രീലങ്ക ഏകദിന അന്താരാഷ്ട്ര ക്രിക്കറ്റ് പരമ്പര യിലെ ആദ്യ മത്സരം ഇന്ന്. കൊളംബോയിലെ പ്രേമദാസ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് രണ്ടരയ്ക്ക് മത്സരം തുടങ്ങും.**

**ശ്രീലങ്കയ്ക്കെതിരായ ട്വന്റി-20 പരമ്പര തൂത്തുവാരിയ ആവേശത്തിലാണ് ഇന്ത്യ ഏകദിന മത്സര ത്തിനിറങ്ങുന്നത് .**

✪✪✪

രേഖകൾ സമർപ്പിച്ച 29,217 പേർക്ക് കൂടി LSS, USS സ്കോളർഷിപ്പ് തുക അനുവദിച്ചതായി മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. ആദ്യം തുക അനുവദിച്ചതിന് പിന്നാലെ പരീക്ഷാഭവൻ വികസിപ്പിച്ചെടുത്ത പോർട്ടലിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയ വിദ്യാർഥികൾക്കാണ് തുക അനുവദിച്ചത്. ഇതിനായി ഏഴ് കോടി 18 ലക്ഷം രൂപ അനുവദിച്ചതായി അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

ആകെ 74,579 പേർക്ക് ഇതോടെ സ്കോളർഷിപ്പ് തുക അനുവദിച്ചതായും മന്ത്രി വ്യക്തമാക്കി.

✪✪✪

ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് അഞ്ചാം ഘട്ടത്തിന്റെയും ചർമമുഴ രോഗപ്രതിരോധ കുത്തിവയ്പ്പ് രണ്ടാം ഘട്ടത്തിന്റെയും സംയുക്ത വാക്സിനേഷൻ യജ്ഞം പ്രതികൂല കാലാവസ്ഥ മൂലം ഇന്നലെ തുടങ്ങാനായില്ല. തിങ്കളാഴ്ച സംയുക്ത വാക്സിനേഷൻ ആരംഭിക്കുമെന്ന് അധികൃതർ അറിയിച്ചു. 30 പ്രവൃത്തി ദിവസങ്ങളിൽ മൃഗസംരക്ഷണ വകുപ്പിലെ ടീമുകൾ കർഷകരുടെ വീടുകളിൽ എത്തി വാക്സിനേഷൻ നടത്തും.

✪✪✪